പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.283

22.06.2012 ൽ മറുപടിയ്ക്ക്

# മഹിളാ സംഘ കൃഷി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, വർക്കല കഹാർ<br>,, പാലോട് രവി<br>,, സണ്ണി ജോസഫ് | ശ്രീ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

എ) മഹിളാ സംഘകൃഷി പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

എ) മഹിള സംഘകൃഷി എന്നൊരു പദ്ധതി നിലവിലില്ല. കുടുംബശ്രീ മിഷന്റെ പ്രധാന പ്രവർത്തനമേഖലകളിലൊന്നാണ് വനിതാ കർഷക ഗ്രൂപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് തരിശുഭൂമിയിലും പാട്ടഭൂമിയിലും നടത്തുന്ന സംഘകൃഷി പദ്ധതി. പ്രസ്തുത പദ്ധതി ആസ്പദമാക്കി കേന്ദ്രസർക്കാരിന്റെ എൻ.ആർ.എൽ.എം പദ്ധതിയുടെ ഉപപദ്ധതി യായ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന സംസ്ഥാനത്ത് നടപ്പിലാ ക്കുന്നതിന്റെ ഭാഗമായി 30,000 സംഘകൃഷി ഗ്രൂപ്പുകളിലൂടെ 1,50,000 വനിത കർഷകർക്ക് സാങ്കേതിക പരിജ്ഞാനവും പിന്തുണയും നൽകി 24000 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കാനാകുന്ന തരത്തിലുള്ള പദ്ധതി സമർപ്പിക്കുകയും കേന്ദ്രസർക്കാർ പ്രസ്തുത പദ്ധതി അംഗീകരിക്കുകയും ചെയ്തു. പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള ജെ.എൽ.ജി അംഗങ്ങളിൽ നിന്നും കാർഷിക വൈദഗ്ദ്ധ്യമുള്ള 10,000 അംഗങ്ങളെ കണ്ടെത്തി മാസ്റ്റർ ഫാമേർസ് ആക്കുന്നു. സ്വന്തമായി കൃഷി നടത്തുന്നവരും കൃഷി

മേഖലകളിൽ വൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുന്നവരുമായ ഇവരുടെ സേവനവും കഴിവും ആ പഞ്ചായത്തിലെ എല്ലാ ജെ.എൽ.ജികൾക്കും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുവാനുള്ള സംവിധാനം ഒരുക്കുക.

2. നൂതനവും ഒപ്പം തദ്ദേശീയവുമായ കൃഷി രീതികളെക്കുറിച്ച് മനസ്സിലാക്കുവാനും അവ നടപ്പിലാക്കുവാനുമുള്ള സംവിധാനവും ലഭ്യമാക്കുക.
3. സംയോജിതമായ കൃഷി രീതികൾ പ്രാവർത്തികമാക്കുന്നതിന് സാമ്പത്തികവും സാങ്കേതികവുമായ പ്രോത്സാഹനം ലഭ്യമാക്കുക.
4. മികച്ച കൃഷി രീതികൾ നേരിൽ കണ്ടുമനസ്സിലാക്കുവാനുള്ള പഠനയാത്രകൾ സംഘടിപ്പിക്കുക.
5. യന്ത്രവൽക്കരണത്തിലൂടെ കൃഷി അനായാസേന ലാഭകരമാക്കുന്നതിനും മത്സര ക്ഷമത കൈവരിക്കുന്നതിനുമുള്ള പ്രായോഗിക പരിജ്ഞാനം ലഭ്യമാക്കുക
6. ഓരോ സി.ഡി.എസ്സിനും ആവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങുന്നതിനുള്ള ധനസഹായം ലഭ്യമാക്കുക
7. പഞ്ചായത്തു തലത്തിൽ കർഷക സഹായ കേന്ദ്രങ്ങൾ സ്ഥാപിക്കുക

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി ആരാണ് ഏറ്റെടുത്ത് നടപ്പാക്കുന്നത് ; | ബി) | കുടുംബശ്രീ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| സി) | പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ; | സി) | ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഉപപദ്ധതിയായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് എം.കെ.എസ്.പി. മൂന്നു വർഷമാണ് പദ്ധതിയുടെ കാലാവധി. പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 79.9 കോടി രൂപയാണ്. ഇതിൽ 36.12 കോടി രൂപ കേന്ദ്ര വിഹിതവും 27.85 കോടി രൂപ സംസ്ഥാന വിഹിതവും 14.7 കോടി രൂപ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെയും 1.2 കോടി രൂപ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെയും വിഹിതമാണ്. നടപ്പുവർഷം 9.03 കോടി രൂപ പദ്ധതിയുടെ ആദ്യവിഹിതമായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഭക്ഷ്യ സുരക്ഷയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? | ഡി) | എം.കെ.എസ്.പി പദ്ധതി ലക്ഷ്യമിടുന്നത് 24000 ഹെക്ടർ സ്ഥലം കൃഷിയോഗ്യമാക്കി ഭക്ഷ്യസുരക്ഷ ഉറപ്പു വരുത്തുക എന്നതാണ്. പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ നിലവിലുള്ള ഗ്രൂപ്പുകളിൽ നിന്നും 10000 മാസ്റ്റർ കർഷകരെ കണ്ടെത്തി സാങ്കേതിക വിദ്യകൾ ഗ്രൂപ്പിലേക്ക് എത്തിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി പഞ്ചായത്തു തലങ്ങളിലും ക്ലസ്റ്റർ തലങ്ങളിലും സംസ്ഥാനതലത്തിലും ശിൽപശാലകൾ സംഘടിപ്പിച്ചിട്ടുണ്ട്. 5488 മാസ്റ്റർ കർഷകരെ കണ്ടെത്തിക്കഴിഞ്ഞു. ഇതിലേയ്ക്കായി പഞ്ചായത്തുതലത്തിൽ കർഷക സഹായ കേന്ദ്രങ്ങൾ രൂപീകരിക്കുക വഴി വനിതാ കർഷകർക്ക് കൃഷിയിലെ അറിവുകൾ പകർന്നു നൽകുക, യന്ത്രവത്കൃതകൃഷി രീതികൾ അവലംബിക്കുക വഴി കൃഷി ആയാസരഹിതമാക്കുക, നല്ല കൃഷിരീതിയിലുള്ള പരിശീലനങ്ങൾ നൽകുക, നൂതന കൃഷിരീതികൾ അവലംബിക്കുന്നതിനുള്ള സാങ്കേതിക സഹായങ്ങൾ നൽകുക വഴി ഉത്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക. |

സെക്ഷൻ ഓഫീസർ